പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 289

# 2025-ലെ സാമൂഹിക പെൻഷൻ അവകാശ ബിൽ

(ശ്രീ എം. വിൻസെന്റ് എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 289

# 2025-ലെ സാമൂഹിക പെൻഷൻ അവകാശ ബിൽ

(ശ്രീ എം. വിൻസെന്റ് എം.എൽ.എ. നോട്ടീസ് നൽകിയത്)

1253/2025.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 289

# 2025-ലെ സാമൂഹിക പെൻഷൻ അവകാശ ബിൽ

(ശ്രീ എം.വിൻസെന്റ് എം.എൽ.എ നോട്ടീസ് നൽകിയത്)

## കേരള സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗത്തിൽപെടുന്ന മുതിർന്ന പൗരൻമാർക്കും പാർശ്വവത്ക്കരിക്കപ്പെട്ടതും മറ്റു അവശതാ വിഭാഗത്തിൽപ്പെട്ടവർക്കുമുള്ള ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സാമൂഹിക സുരക്ഷാ പെൻഷൻ അവകാശമാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു
ബിൽ

പീഠിക:—കേരള സംസ്ഥാനത്തെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന മുതിർന്ന പൗരൻമാർക്കുള്ള ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സാമൂഹികക്ഷേമ പെൻഷൻ അവകാശമാക്കുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമം ഉണ്ടാക്കുന്നു.—

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും :—(1) ഈ ആക്ടിന് 2025-ലെ കേരള സാമൂഹിക പെൻഷൻ അവകാശ ആക്റ്റ് എന്ന പേര് പറയാം.

(2). ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3). ഈ ആക്ട് സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ:—ഈ ആക്റ്റിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

1. കെ.എസ്.എസ്.പി.എൽ. എന്നാൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്നാകുന്നു.

2. സർക്കാർ എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

3. വിജ്ഞാപനം എന്നാൽ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

4. സംസ്ഥാനം എന്നാൽ കേരള സംസ്ഥാനം എന്നാകുന്നു.

5. വകുപ്പ് എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നാകുന്നു.

6. നിർണ്ണയിക്കപ്പെട്ട എന്നാൽ ഈ ആക്റ്റിൻ പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു.

7. തദ്ദേശ സ്ഥാപനം എന്നാൽ 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റിൻ കീഴിൽ രൂപീകൃതമായ ഗ്രാമപഞ്ചായത്തുകളും 1994-ലെ കേരളാ മുനിസിപ്പൽ ആക്റ്റിൻ കീഴിൽ രൂപീകൃതമായ മുനിസിപ്പൽ കൗൺസിലും മുൻസിപ്പൽ കോർപ്പറേഷനുകളും എന്നർത്ഥമാകുന്നു. സാമൂഹ്യ പെൻഷൻ എന്നാൽ സർക്കാർ കാലങ്ങളായി അനുവദിച്ചു വന്നിരുന്നതും തുടർന്നു പോകുന്നതുമായ സാമൂഹ്യ സുരക്ഷാ പെൻഷൻ അവ ഏതു ശീർഷകത്തിൽ അറിയപ്പെട്ടിരുന്നാലും എന്ന് അർത്ഥമാകുന്നു.

3. സാമുഹിക പെൻഷൻ അവകാശമായിരിക്കുന്നതാണ്.—സംസ്ഥാനത്തെ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരൻമാർക്ക് പാർശ്വവത്ക്കരിക്കപ്പെട്ടതും മറ്റു അവശതാ വിഭാഗത്തിൽപ്പെട്ടവർക്കും ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സാമൂഹിക പെൻഷൻ എന്നത് അവകാശമായിരിക്കുന്നതാണ്.

4. സാമുഹിക പെൻഷൻ വിതരണം ചെയ്യേണ്ട രീതി.—സാമൂഹിക പെൻഷൻ വിതരണത്തിനായി ആവശ്യമായി വരുന്ന തുക സർക്കാർ കെ.എസ്.എസ്.പി.എൽ-ന് അതാതു സാമ്പത്തിക വർഷത്തിൽ എല്ലാ മാസാരംഭത്തിലും ലഭ്യമാക്കേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ വിതരണം ചെയ്യപ്പെടാതെ അവശേഷിക്കുന്ന തുക ലഭ്യമായി 15 പ്രവർത്തി ദിവസത്തിനുള്ളിൽ കാരണം സഹിതം കെ.എസ്.എസ്.പി. എൽ.-നു തിരികെ ലഭ്യമാക്കുക.

5. കെ.എസ്.എസ്.പി.എൽ.-ന്റെ ഉത്തരവാദിത്വങ്ങൾ.—സർക്കാരിൽനിന്നും ലഭ്യമാകുന്ന സാമൂഹ്യപെൻഷനായുള്ള തുക കെ.എസ്.എസ്.പി.എൽ അതായത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന രേഖകൾ പരിശോധിച്ച് അർഹതപ്പെട്ട തുക അതാതു തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. എല്ലാ സാമ്പത്തിക വർഷം അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ ഇതു സംബന്ധിച്ച വിശദ റിപ്പോർട്ടു കെ.എസ്.എസ്.പി.എൽ.-നു നൽകാം.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും: സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾക്ക് ഇനി പറയുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും ഉണ്ടായിരിക്കുന്നതാണ്, അതായത്:

അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു സാമ്പത്തിക വർഷം സാമൂഹിക പെൻഷന് അർഹതപ്പെട്ടവരുടെ പട്ടിക തയ്യാറാക്കി തുക അനുവദിയ്ക്കുന്നതിനായി കെ.എസ്.എസ്.പി.എൽ-ന് സമർപ്പിക്കേണ്ടതും തുക ലഭ്യമാകുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് തുക ലഭ്യമായി അഞ്ചു ദിവസത്തിനകം തുക വിതരണം ചെയ്യേണ്ടതും തുടർന്ന് പതിനാല് ദിവസത്തിനകം അർഹതപ്പെട്ടവരുടെ തുക കൈപ്പറ്റാത്തപക്ഷം കിടപ്പു രോഗികളായിട്ടുള്ളവർക്ക് അവരുടെ ഭവനത്തിൽ തുക

എത്തിക്കേണ്ടതും അത്തരത്തിൽ വിതരണം ചെയ്യാത്ത തുക അടുത്ത പതിനഞ്ചു ദിവസത്തിനകം കെ.എസ്.എസ്.പി.എൽ.-ന് രേഖാമൂലം തിരികെ ഏല്പിക്കേണ്ടതാണ്. അർഹതപ്പെട്ട എല്ലാ ഗുണഭോക്താക്കൾക്കും യഥാസമയം പെൻഷൻ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുക.

i. ഓരോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മൂന്നുമാസം മുമ്പ് പ്രസ്തുത തദ്ദേശ സ്ഥാപനത്തിനു കീഴിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹമായവരുടെ രേഖകൾ പരിശോധിച്ചുകൊണ്ട് പട്ടിക തയ്യാറാക്കുക;

ii. ഇപ്രകാരം തയ്യാറാക്കുന്ന പട്ടിക ബന്ധപ്പെട്ട രേഖകൾ സഹിതം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് ഒരുമാസം മുമ്പെങ്കിലും കെ. എസ്.എസ്.പി.എൽ.-ന് ലഭ്യമാക്കുക;

iii.കെ.എസ്.എസ്.പി.എൽ.-നു ലഭ്യമാകുന്ന തുക ബന്ധപ്പെട്ട ഗുണ ഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തത്സമയം തന്നെ ക്രെഡിറ്റു ചെയ്യുകയും കിടപ്പുരോഗികളായ ഗുണഭോക്താക്കളുടെ വീടുകളിൽ നേരിട്ടു വിതരണം ചെയ്യുകയും ചെയ്യുക.

7. <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അർഹതപ്പെട്ടവരുടെ പട്ടിക തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ</u>.—തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു സാമ്പത്തിക വർഷം സാമൂഹിക പെൻഷന് അർഹതയുള്ളവരുടെ ലിസ്റ്റ് സർക്കാർ ഇതിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പരിശോധിക്കേണ്ടതും ഗുണഭോക്താക്കൾക്ക് പ്രസ്തുത തുക ലഭ്യമാക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടതാണ്. ആയത് സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

8. <u>കെ.എസ്.എസ്.പി.എൽ. സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്</u>.— അതാത് സാമ്പത്തിക വർഷം സർക്കാരിൽ നിന്നും സാമൂഹിക പെൻഷൻ ഇനത്തിൽ വിതരണം ചെയ്യുന്നതിനായി ലഭ്യമാകുന്ന തുക ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയതു സംബന്ധിച്ചും അത്തരത്തിൽ വിതരണം ചെയ്യാനാകാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മടക്കി നൽകിയ തുക സംബന്ധിച്ചും അതാതു സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സർക്കാറിന് റിപ്പോർട്ട് ലഭ്യമാക്കേണ്ടതും സർക്കാർ നിർദ്ദേശത്തിനനുസരണമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്

2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത വേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് എത് സമ്മേളനത്തിൽ വയ്ക്കുന്നവോ ആ സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന്

മുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതി പോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമാകാതിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ട പ്രകാരം മുൻപ് ചെയ്തിട്ടുള്ള സംഗതിയുടെ സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

10. റിപ്പോർട്ട് സമർപ്പണം:—8-ാം വകുപ്പു പ്രകാരം കെ.എസ്.എസ്.പി.എൽ.-ൽ നിന്നും ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആഡിറ്റു ചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റ് സഹിതം എല്ലാ വർഷവും ഒക്ടോബറിൽ സർക്കാർ നിയമസഭാ മുമ്പാകെ ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട മുതിർന്ന പൗരൻമാരുടെ സാമൂഹികക്ഷേമം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ സാമൂഹിക പെൻഷൻ എന്നത് ഒരു അവകാശമാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

എം. വിൻസെന്റ് എം.എൽ.എ.